<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനൊന്നാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -*600</u> <u>08.07.2014- ലെ മറുപടിക്ക്</u>

## സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം ഉപയോഗിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ:<br>ശ്രീ. ജി. സുധാകരൻ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. പി. റ്റി. എ. റഹീം: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സർവ്വീസിൽ നിന്നും വിരമിച്ച വരുടെ വൈദഗ്ധ്യം സംസ്ഥാന ത്തിന് ഉപയോഗിക്കാനുള്ള പദ്ധതി യുടെ റിപ്പോർട്ട് സർക്കാർ അംഗീ കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) റിപ്പോർട്ടിലെ ശുപാർശകൾ വെളി-പ്പെടുത്തുമോ; | (ബി) വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ''കൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്പ്മെന്റ്'' എന്ന കമ്പനി രൂപീകരിച്ച് അവരുടെ വിദഗ്ദ്ധ സേവനം വിവിധ വികസന മേഖലകളിൽ ഉപയോഗ പ്പെടുത്തി കേരളത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങി ഏത് മേഖലയിലും ഇവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്. പുതിയ മേഖലകളിലെ സാധ്യതകളും നവീന ആശയങ്ങളും കണ്ടെത്തി അതിൽ ഇടപെടുക വഴി സേവനമേഖല കൂടുതൽ മെച്ചപ്പെടുത്താ നുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. |
| (സി) ഇത് പ്രാവർത്തികമാക്കുന്നതിനായി രൂപീകരിക്കുന്ന കമ്പനിയുടെ ഘടന യും പ്രവർത്തനവും മൂലധനവും സംബന്ധിച്ച് വിശദമാക്കുമോ; | (സി) 1. നിർദ്ദിഷ്ട കമ്പനിയുടെ ചെയർമാൻ ആസൂത്രണ വകുപ്പ് മന്ത്രിയും വൈസ് ചെയർമാൻ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറിയും ആയിരിക്കും. |

| | |
|---|---|
| | കമ്പനിയുടെ നടത്തിപ്പിന് മൂന്നിൽ കുറയാതെയും ഒൻപതിൽ കൂടാതെയുമുള്ള ഡയറക്ടർമാർ ഉൾപ്പെടുന്ന ബോർഡ് ഉണ്ടായിരിക്കുന്നതാണ്. സാമൂഹ്യ പ്രതിബദ്ധതയും ദീർഘവീക്ഷണവും സർഗശേഷിയും ഉള്ള വിരമിച്ച ഒരാളെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി ഡയറക്ടർ ബോർഡ് നിയമിക്കും.<br>2. കമ്പനിയുടെ ഓഹരി ഉടമകളായിട്ടുള്ളവരുടെ വിദഗ്ധസേവനം ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതാണ്. ടെക്നീഷ്യന്മാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ, സാമ്പത്തിക വിദഗ്ധർ, സെയിൽസ്മാൻമാർ, അക്കൗണ്ടന്റുമാർ തുടങ്ങി വിവിധ മേഖലകളിൽ കൺസൾട്ടൻസി സേവനം കമ്പനിയിൽ നിന്നും ലഭ്യമാക്കുകയും യോഗങ്ങൾ സംഘടിപ്പിക്കുക, നിയമന ഏജന്റായി പ്രവർത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ കമ്പനി നടത്തുകയും ചെയ്യുന്നതാണ്.<br>3. കമ്പനിയുടെ ഓഹരി മൂലധനം 200 കോടി രൂപയാണ്. |
| **(ഡി)** മൂലധനം ഏതെല്ലാം നിലയിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു; | **(ഡി)** സർക്കാർ സർവ്വീസിൽ / സ്വകാര്യ മേഖലയിൽ നിന്ന് വിരമിച്ചവരിൽ നിന്നും ഓഹരി മൂലധനം സ്വരൂപിക്കും. കമ്പനിയിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം 26 ശതമാനത്തിൽ കുറയാതെ ഉണ്ടായിരിക്കുന്നതാണ്. |
| **(ഇ)** ഈ പദ്ധതിയ്ക്ക് തന്നാണ്ടിലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ? | **(ഇ)** തന്നാണ്ടിലെ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.